യിലേക്കുതന്നെ തിരിച്ചു വരുന്നവരായി ഓരോ മാസവും എത്രയുണ്ടെന്നും അവർ ചക്കരവ്യവസായം ഒരു കുടിൽ വ്യവസായമായി സ്വീകരിച്ചു തൊഴിലില്ലായ്മ പരിഹരിക്കുന്നതായും ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) (എ) യിൽ പറയുന്ന നടപടികളെകൊണ്ടു ചക്കരകുടിൽവ്യവസായികൾക്കു യാതൊരു കഷ്ടനഷ്ടവും തൊഴിലില്ലായ്മയും സംഭവിച്ചിട്ടുള്ളതായി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

(ഡി) ഒന്നുമില്ല.

(ഇ) അനുബന്ധം നോക്കുക. *(Vide Appendix.)*

(എഫ്) അറിവില്ല.

മിസ്റ്റർ സി. വി. ഇയ്യു: ഈ കല്പനയുടെ പ്രവർത്തനം തല്ക്കാലം സസ്പെണ്ടുചെയ്തു കാലാവധി നീട്ടിക്കൊടുത്തുകൊണ്ടു മിക്കവാറും ഈ കൊല്ലം തൊഴിലില്ലായ്മ കൂടാതെ കഴിഞ്ഞുകൂടുന്നതേ ഉള്ളൂ. പക്ഷെ ആ കല്പന ഇപ്പോഴും നിലവിലുള്ളതു നിമിത്തം ഭോഷകരമാണോ എന്നു് ആലോചിച്ചാൽകൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

EVICTION OF D. Cs. FROM PORAMBOKE LANDS BY VILLAGE OFFICERS—INFORMATION REGARDING

194. (351) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവു മറുപടി പറയുമോ.—

(എ) പുറമ്പോക്കു സ്ഥലങ്ങളിൽ പുരവെച്ചു താമസിക്കുന്ന പാവപ്പെട്ട അധഃകൃതരെ പല സ്ഥലങ്ങളിലും വില്ലേജു് ഉദ്യോഗസ്ഥന്മാരും സ്ഥാപിത താല്പര്യക്കാരും ഒത്തുചേർന്നു കുടിയിറക്കുവാൻ ശ്രമിക്കുന്നു എന്ന പരാതികൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ;

(ബി) എവിടെ നിന്നെല്ലാമാണു് ഈ ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതെന്നു് അന്വേഷിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: പുറംപോക്കു സ്ഥലങ്ങളല്ലാത്ത ജന്മികളുടേയും മുതലാളികളുടേയും സ്ഥലങ്ങളിൽനിന്നു അധഃകൃത കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നതായി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ വി. കെ. ജോസഫ്: പുറംപോക്കുസ്ഥലങ്ങളിൽ കുടിയേറിപ്പാർക്കുന്നതിനെ സംബന്ധിച്ചുള്ള ഗവൺമെണ്ടിന്റെ നയമെന്താണു്?

മിസ്റ്റർ കെ. അയ്യപ്പൻ: പുറംപോക്കുസ്ഥലങ്ങളിൽ ദീർഘകാലമായി താമസിക്കുന്നവരുടെ കാര്യത്തിൽ പ്രത്യേകിച്ചു അധഃകൃതരുടെ കാര്യത്തിൽ ചില ആനുകൂല്യങ്ങളെല്ലാം ചെയ്യും. പക്ഷെ അങ്ങിനെ ആനുകൂല്യം ചെയ്യുന്നതുകൊണ്ടു് എല്ലാവരും പുറംപോക്കു സ്ഥലങ്ങളിൽ താമസിക്കാൻ തുടങ്ങിയാൽ അതു വിഷമമാണു്. അധഃകൃതരുടെ കാര്യത്തിൽ പ്രത്യേകം ചില ആനുകൂല്യങ്ങളും ചെയ്യുന്നുണ്ടു്.

മിസ്റ്റർ കെ. കെ കണ്ണൻ: പരാതിയില്ലെന്നാണു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. പരാതിയുണ്ടെങ്കിൽ നടപടി എടുക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു് ഈ ചോദ്യത്തിൽ ഉൾപ്പെട്ടതല്ല. വില്ലേജു് ഉദ്യോഗസ്ഥന്മാരും സ്ഥാപിതതാല്പര്യക്കാരും ഒത്തുചേർന്നു കുടിയിറക്കുവാൻ ശ്രമിക്കുന്നു എന്ന പരാതി ഉണ്ടോ എന്നാണു് ചോദ്യം. അങ്ങിനെയില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അങ്ങിനെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു തെളിയിച്ചുതന്നാൽ ഗവൺമെണ്ടു് നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: അങ്ങിനെയുണ്ടെങ്കിൽ അധ്യാപകരുടെ കാര്യത്തിൽ ഗവ ൺമെണ്ട് അനുകൂലമായ നടപടിയെടുക്കുന്നതാണ്. വില്ലേജ് ഉദ്യോഗസ്ഥന്മാരും സ്കൂൾ തലവന്മാരും ഒത്തുചേർന്ന് അങ്ങിനെ ശ്രമിക്കുന്നുണ്ടെന്നു തെളിവുതന്നാൽ നടപടി എടുക്കാം.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഇങ്ങിനെവരുന്ന ചോദ്യങ്ങളിൽ ഓരോവാക്കുക ളുടേയും അർത്ഥമാത്രം നോക്കാതെ ആശയങ്ങൾ നോക്കി.....

Mr. President: How does that question arise ? That is a general direction.

മിസ്റ്റർ കെ. കെ. കണ്ണൻ: പുറം പോക്കന്മലങ്ങളിൽ താമസിക്കുന്ന അധ്യാപകർ അല്ലാത്ത ആളുകളോട് വളരെ അനുകൂലപ്രങ്ങൾ കാണിക്കുന്നുണ്ട്. എന്നാൽ അധ്യാപകർ താമസിച്ചാൽ അവരെ വില്ലേജ് ഉദ്യോഗസ്ഥന്മാർ ഒഴിപ്പിക്കുന്നുണ്ട്. ഗവൺമെണ്ട് ഇത നേക്കുറിച്ച് അധ്യാപകരോട് അനുഭാവപൂർവ്വം പെരുമാറുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഗവൺമെണ്ട് അധ്യാപകരെ സംബന്ധിച്ചിടത്തോളം വളരെ അനുഭാവപൂർവ്വമായ നിലയിലാണ് പെരുമാറിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറ യുന്നതു വാസ്തവമാണെന്നു തോന്നുന്നില്ല. അങ്ങിനെയുണ്ടെങ്കിൽ അനുഭാവപൂർവ്വം വേണ്ട നടപടിയെടുക്കുന്നതാണ്.

QURAN TEACHER'S COMPLAINT AGAINST DEVISAHAYAM SCHOOL MANAGER—DETAILS REGARDING

195. (170) **Mr. V. Chelady Rawther** *(Cheruthuruthi-Muslims):* Will Government be pleased to state.—

(*a*) whether the Deputy Inspector of Schools, Vadakkancheri received any complaint dated 4th Chingam 1124 from one P. V. Kunjhavoo, Quaran teacher in the Devisahayam school, Pazhunnana against the Manager;

(*b*) what is the total amount of arrear pay alleged to be due to the teacher;

(*c*) whether the manager received a petition (registered) from the teacher to pay off the arrear pay;

(*d*) whether the Inspector of Schools, Northern Division, Trichur, received a petition from the same teacher on 21st Chingam 1124 containing the same allegations.

(*e*) whether petitions have been received by the Deputy Inspector on 9th Thulam 1124 and Inspector of Schools on 12th Thulam 1124 from the same teacher, complaining that his pay of Chingam and Kanni was not received;

(*f*) what action has been taken by the Director of Public Instruction on this matter ?

Mr. C. A. Ouseph *(Minister for Education and Public Health):*

(*a*) Yes.

(*b*)

Pay	..	Rs.	197	8 0
D. A.	..	Rs.	210	0 0
Total	..	Rs.	407	8 0

(*c*) Yes.

(*d*) Yes—The petition is dated 21st Kanni 1124 and not 21st Chingam 1124.

(*e*) Yes.

(*f*) The petitioner's complaint was that he did not receive arrear pay being the advance increment from 5/22 to 6/23, Arrear pay of 3/22 and 12/22, Leave allowance for 6 months from 1/23 and arrear pay for 11 and 12/23. The Manager reported that he paid all the arrear pay claimed by the Arabic teacher showing the acquittance duly signed by the teacher both in the original and the duplicate. But on enquiry conducted by the Deputy Inspector visiting the school many times, he came to know that there was some truth in the statement of the petitioner. So the question of non-payment has been settled by compromise between the petitioner (Arabic teacher) and the Manager, D. S. S., Pazhunnana in the presence of the Deputy Inspector. The Arabic teacher has been paid Rs. 175 (Rupees one hundred and seventy-five only) towards the balance of his arrear pay including dearness allowance till 12/23 (inclusive). The pay for 1, 2 and 3/24 is pending payment as the teacher has not signed the acquittance for the months and the grant bills have not been passed. Arrangement has been made for the payment of this also as soon as possible.

Mr. C. A. Ouseph *(Minister for Education and Public Health):* Shall I read the whole answer?

LIBRARY ARCHIVES Kerala Legislative Assembly